(സി) വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനും കർഷകർക്കുണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ദൂരീകരിക്കുന്നതിനും അർഹരായിട്ടുള്ളവർക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ മൂന്നു ജില്ലകളിലുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ നഷ്ടപരിഹാരം നൽകുന്നതിന് ജി.ഒ. (എം.എസ്.) നമ്പർ 5/05/എഡി. തീയതി 11-1-2005 പ്രകാരം ഉത്തരവായിട്ടുണ്ട്.

കയർ മേഖലയിലെ നവീകരണ പദ്ധതികൾ

*22 [80] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർ മേഖലയുടെ നവീകരണത്തിനുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ കയർ മേഖലയിൽ ആവശ്യത്തിന് തൊണ്ട് ലഭ്യമാകാതിരിക്കുമ്പോൾ തമിഴ്നാട്ടിലേക്ക് തൊണ്ട് കടത്തിക്കൊണ്ടു പോയി അവിടെ നിന്നും കൂടിയ വിലയിൽ ചകിരി കേരളത്തിൽ വിൽപ്പനയ്ക്ക് എത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കയർ മേഖലയുടെ നവീകരണ പദ്ധതികളുടെ ഭാഗമായി ഇവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഗുണമേന്മയുള്ളതും വൈവിധ്യമാർന്നതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്. കയർ വ്യവസായ മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (CFSC) ആരംഭിക്കുന്നതിന് സഹായം നൽകിവരുന്നു. സംയോജിത കയർ വികസന പദ്ധതി (ICDP) സഹകരണ മേഖലയിൽ 56 യന്ത്രവൽക്കൃത ചകിരി മില്ലുകൾ സ്ഥാപിക്കുവാൻ സാമ്പത്തിക സഹായം നൽകിയിരുന്നതിൽ 35 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബാക്കി 21 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ മേഖലയിൽ യന്ത്രവൽക്കൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് അവയുടെ ഭൂമി, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയുടെ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 50 ശതമാനം, പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകിവരുന്നു. ഇപ്രകാരം 23 യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കാൻ കയർ വികസന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ 3 എണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കയർ മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി ഒരു ദേശീയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) ആരംഭിക്കുവാൻ നടപടികൾ എടുത്തുവരുന്നു. ഇതിനുപുറമെ, സി-ഡോക്ട് വഴി ആറ് ഹ്രസ്വകാല ഗവേഷണ പ്രോജക്ടുകൾ ദേശീയ ജ്യൂട്ട് ഇൻസ്റ്റിറ്റ്യൂട്ട്, ദേശീയ കോട്ടൺ ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവേദ കോളേജ്, ചങ്ങനാശ്ശേരി സി.എഫ്.എസ്.സി. തുടങ്ങിയ പല സ്ഥാപനങ്ങളുമായും ബന്ധപ്പെട്ടും നേരിട്ടും നടത്തിവരുന്നു. ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ ബോർഡ്, കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു. കയർ വ്യവസായവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിന് വയലാറിലും പെരുമണ്ണിലും ഓരോ കയർ ഗ്രാമങ്ങൾ സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ കയർ വ്യവസായത്തിന്റെ ആധുനിക വൽക്കരണത്തിന് കയർ ബോർഡ് ഒരു ക്രഡിറ്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ കയർ ക്ലസ്റ്ററിന് 56.8 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ നൽകാനുള്ള പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകി, 14.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തിനകത്തുതന്നെ വേണ്ടത്ര ചകിരി ലഭ്യമാക്കാൻ സ്വകാര്യമേഖലയിൽ യന്ത്രവൽക്കൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് സ്ഥിരനിക്ഷേപ മൂലധനത്തിന്റെ 50 ശതമാനം, പരമാവലധി 10 ലക്ഷം രൂപവരെ സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിപ്രകാരം പുതിയതായി 23 വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുവാൻ കയർ വികസന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ മൂന്നെണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. യന്ത്രവൽക്കൃത ചകിരി മില്ലുകൾമൂലമുണ്ടാകുന്ന ചകിരിച്ചോറ് ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നത്തിന് പരിഹാരമായുള്ള പദ്ധതികൾക്ക് 30 ശതമാനം സബ്സിഡി നൽകുന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly